**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്കായിരുന്ന പി.ടി.മഞ്ജുവിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 483/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.02.2017

---

പരാമർശം : 1. 29/02/2015 ലെ ജി.ഒ (ആർ റ്റി) നം.911/16/തസ്വഭവ

2. നഗരകാര്യ ഡയറക്ടറുടെ 21.05.2016, തിയതിയിലെ ഇ-12496/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്കായിരുന്ന പി.ടി.മഞ്ജുവിന് 07/07/2014 മുതൽ 31/05/2015 വരെയുള്ള 329 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.ദീർഘകാലമായി രോഗബാധിതമായി കിടപ്പായതിനാൽ 01/06/2015 മുതൽ 24/09/2015 വരെയുള്ള കാലയളവിലേയ്ക്ക് കൂടി പി.ടി.മഞ്ജുവിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തു നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്കായിരുന്ന പി.ടി.മഞ്ജുവിന് പരാമർശം 1 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച ഉത്തരവിൽ അവധി കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കാനാവില്ല എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഇതിനാൽ ഭേദഗതി വരുത്തിക്കൊണ്ട് 01/06/2015 മുതൽ 24/09/2015 വരെയുള്ള കാലയളവിലേക്ക് KSR, ഭാഗം 1, ചട്ടം 88(iii) പ്രകാരം ആർജ്ജിതാവധിക്ക് കണക്കാക്കാനാവില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ